ഇതിനായി അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ സുസജ്ജമാക്കുക എന്നതാണ് കിൻഫ്രയുടെ ലക്ഷ്യം. വികസിത ഭൂമി, സുസജ്ജമായ കെട്ടിട സമുച്ചയങ്ങൾ, ജലം, വൈദ്യുതി, റോഡ്, വാർത്താവിനിമയ സൗകര്യങ്ങൾ, അന്തർദേശീയ നിലവാരമുള്ള ഗവേഷണ കേന്ദ്രം, പരിശോധനാ കേന്ദ്രം മുതലായവ ഇത്തരം പാർക്കുകളിൽ ലഭ്യമായിരിക്കും. അതുവഴി ആഗോള നിലവാരമുള്ള വ്യാവസായികാന്തരീക്ഷം സൃഷ്ടിക്കുവാനും കുറഞ്ഞ കാലയളവിൽ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുവാനും സാധിക്കും.

(സി) എ-പിരിവിന്റെ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരത്തും, കൊച്ചിയിലും സ്ഥാപിക്കാനുദ്ദേശിക്കുന്ന ബയോടെക്നോളജി പാർക്കുകളിൽ സി.ടി.സി.ആർ.ഐ., ടി.ബി.ജി.ആർ.ഐ., രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ശ്രീചിത്തിരതിരുന്നാൾ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി മുതലായ റിസർച്ച് സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തിന് ഊന്നൽ നൽകിയിട്ടുള്ള ഒരു പദ്ധതിയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഇ) ബയോടെക്നോളജി പാർക്കുകൾ യാഥാർത്ഥ്യമാക്കുന്നതിനായി കിൻഫ്രയുടെ മേൽനോട്ടത്തിൽ നടപടികൾ പുരോഗമിച്ചുവരികയാണ്. കൊച്ചിയിലെ ബയോടെക്നോളജി പാർക്കിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ടെക്നോളജി ഇൻക്യൂബേഷൻ സെന്ററിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചുകഴിഞ്ഞു. സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണ് പ്രസ്തുത പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത് ഇതിനായി രണ്ട് കമ്പനികൾ ഇതിനകം ബിഡ് ഡോക്കുമെന്റ് കിൻഫ്രയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

ഭരണനവീകരണ പദ്ധതിയുടെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം

14 [1590] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണനവീകരണ പദ്ധതിയുടെ ഭാഗമായി ഇതുവരെ എത്ര സംസ്ഥാന ജീവനക്കാർക്ക് പരിശീലനം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഒരു വർഷം എത്ര ജീവനക്കാർക്ക് പരിശീലനം നൽകുന്നുണ്ട്;

(സി) കൂടുതൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സംസ്ഥാന സർവ്വീസിൽ ജോലി ലഭിക്കുന്നവർക്ക് ആദ്യമേതന്നെ പരിശീലനം നൽകുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) 2003-2004 കാലയളവിൽ 11,700 പേർക്ക് പരിശീലനം നൽകി.

(സി ആന്റ് ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

പോലീസ് വകുപ്പിൽ ഭരണനവീകരണം

15 [1591] ശ്രീ. സി. ടി. അഹമ്മദ് അലി:

,, സി. മമ്മൂട്ടി:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണനവീകരണത്തിന്റെ ഭാഗമായി പോലീസ് വകുപ്പിൽ ഏർപ്പെടുത്തിയ പരിഷ്ക്കാരങ്ങൾക്ക് പുറമേ എന്തെല്ലാം നടപടികൾ ഉദ്ദേശിക്കുന്നു എന്ന് അറിയിക്കാമോ;

(ബി) വർദ്ധിച്ചുവരുന്ന കാർ മോഷണം, വീട് പൊളിച്ച് കടന്ന് കവർച്ച, മോഷണം എന്നിവ സംബന്ധിച്ച പ്രതികളെ പിടിക്കുന്നതിനും അവർക്ക് ശിക്ഷ നൽകുന്നതിനുമുള്ള എന്തെല്ലാം സംവിധാനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഭരണ നടപടികൾ നവീകരിക്കുന്നതിന്റെ ഭാഗമായി പോലീസ് വകുപ്പിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങളെ സംബന്ധിച്ച ഡി.ജി.പി.-യിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. പോലീസുകാരുടെ ജോലി സമയം 8 മണിക്കൂർ ആയി നിജപ്പെടുത്തണമെന്ന ആവശ്യം നടപ്പിലാക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ 57 പോലീസ് സ്റ്റേഷനുകളിൽ ഇത് നടപ്പാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വർദ്ധിച്ചുവരുന്ന കാർ മോഷണം, വീട് പൊളിച്ച് കടന്ന് കവർച്ച, മോഷണം എന്നിവ നടത്തൽ, അത്തരക്കാരെ പിടികൂടാനും, റൗഡി ഹിസ്റ്ററി ഷീറ്റുകളിൽ ഉൾപ്പെടുത്തി മുൻകൂർ അറസ്റ്റുകൾ തുടങ്ങി നിയമാനുസൃതമായ പ്രതിരോധ നടപടികൾ സ്വീകരിക്കാനും, കുറ്റവാളികളുടെ അന്തർ സംസ്ഥാന ബന്ധങ്ങൾ സദാ നിരീക്ഷിക്കുകയും, മറ്റ് സംസ്ഥാന പോലീസുമായി സഹകരിച്ച് അത്തരക്കാരെ നിയമത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly